(ഡി) 4,29,00,000 രൂപ

ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	—	46,06,570	രൂപ
കൊല്ലം	—	50,79,480	രൂപ
ആലപ്പുഴ	—	18,81,460	രൂപ
പത്തനംതിട്ട	—	13,56,310	രൂപ
കോട്ടയം	—	34,20,190	രൂപ
എറണാകുളം	—	32,04,130	രൂപ
തൃശ്ശൂർ	—	64,04,270	രൂപ
പാലക്കാട്	—	80,21,430	രൂപ
മലപ്പുറം	—	36,55,360	രൂപ
കോഴിക്കോട്	—	22,20,680	രൂപ
വയനാട്	—	13,55,230	രൂപ
കണ്ണൂർ	—	1,13,670	രൂപ
കാസർകോട്	—	15,60,700	രൂപ

(ഇ) ഇല്ല.

(എഫ്) 16 കോടി 53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-5-1986-വരെ 50,00,000 രൂപ ചെലവാക്കിയിട്ടുണ്ട്.

ഗ്രാമ വികസന വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ

* 94 [96] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:

,, സി. ടി. കൃഷ്ണൻ:

,, ജി. വരദൻ:

,, എൻ. ചന്ദ്രശേഖര കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ എന്തൊക്കെയാണ്;

(ബി) അവയിൽ ഏതെങ്കിലും വികസന പ്രവർത്തനങ്ങൾ നിർത്തലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കായി 1985-86-ൽ ചെലവഴിച്ച തുക എത്ര?

ഗ്രാമ വികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഗ്രാമ വികസന വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ താഴെ പറയുന്നു.

1. ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതി (എൻ. ആർ. ഇ. പി.)

LIBRARY ARCHIVES Kerala Legislative Assembly

2. ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്ന പദ്ധതിയനുസരിച്ച്—
   (എ) ചെറുകിട ജലസേചനം
   (ബി) ഭൂവികസനം
   (സി) മിനി കിറ്റ്സ് വിതരണം
3. ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി
   (ആർ. എൽ. ഇ. ജി. പി.)
4. റൂറൽ ഫംഗ്ഷണൽ ലിറ്ററസി പ്രോഗ്രാം
   (ആർ. എഫ്. എൽ. പി.)
5. പോസ്റ്റർ ലിറ്ററസി പ്രോഗ്രാം
6. പ്രാദേശിക വികസന പരിപാടി
   (എസ്. ഐ. എ. ഡി.)
7. സമഗ്ര മാതൃശിശു സംരക്ഷണ പരിപാടി
8. സംയോജിത ഗ്രാമവികസന പരിപാടി
   (ഐ. ആർ. ഡി. പി.)
9. ഗ്രാമീണ വനിതാ ശിശു ക്ഷേമ പരിപാടി
   (ഡി. ഡബ്ലിയു. സി. ആർ. എ.)
10. ഫുഡ് പ്രോസസ്സിംഗ് ആൻറ് ന്യൂട്രീഷൻ സെൻറർ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1985-86 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കായി മൊത്തം 57.21 കോടി രൂപ ചെലവായിട്ടുണ്ട്.

ബീഡി തൊഴിലാളി ക്ഷേമനിധി

* 95 [97] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ഒ. ഭരതൻ:
,, സി. പി. മൂസാൻകുട്ടി:
ശ്രീമതി പി. വേലായുധി:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly